പോലീസ് ഇൻസ്പെക്ടർമാരും സബ് ഇൻസ്പെക്ടർമാരും.

* 1554. [14] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറിലുള്ള പോലീസ് ഇൻസ്പെക്ടർമാരുടെയും സബ് ഇൻസ്പെക്ടറന്മാരുടെയും ആകെ എണ്ണമെത്ര ; ഇതിൽ ഹരിജനങ്ങൾ എത്ര ; മുസ്ലീങ്ങൾ എത്ര ;

(ബി) ഈ ഗവണ്മെൻറ് അധികാരമേറ്റെടുത്തതിനശേഷം, പോലീസ് വകുപ്പിൽനിന്നും പ്രമോഷൻ നൽകിയകൂട്ടത്തിൽ ഇൻസ്പെക്ടറായും, സബ് ഇൻസ്പെക്ടറായും വല്ല ഹരിജനും ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ ;

(സി) ഹരിജനങ്ങളിൽനിന്നും വിദ്യാഭ്യാസയോഗ്യതയുള്ള ആളുകളെ തിരഞ്ഞെടുത്തു പരിശീലനം നൽകി പോലീസ് ഇൻസ്പെക്ടർമാരായും, സബ് ഇൻസ്പെക്ടർമാരായും നിയമിക്കുവാൻ ഗവണ്മെൻറ് ആലോചിക്കുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇൻസ്പെക്ടർമാർ 86, സബ് ഇൻസ്പെക്ടർമാർ 345. ഇതിൽ ഹരിജനങ്ങൾ, ഇൻസ്പെക്ടർ 2, മുസ്ലീങ്ങൾ 11, സബ് ഇൻസ്പെക്ടർ ഹരിജനങ്ങൾ 1, മുസ്ലീങ്ങൾ 19.

(ബി) ഇല്ല.

(സി) പോലീസ് ഇൻസ്പെക്ടർമാരെ, ഗവണ്മെൻറ് ഡയറക്ടായിട്ട് റിക്രൂട്ടു ചെയ്യാറില്ല. സബ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നത് പി. എസ്. സി. യാണ്. ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പിൽ നിലവിലുള്ള സംവരണ വ്യവസ്ഥ പാലിക്കാറുണ്ട്.

ശ്രീ. കെ. കുഞ്ഞമ്പു : ഇന്നു് ആകെയുള്ള ഇൻസ്പെക്ടർമാരുടെ എണ്ണം കണക്കാക്കി, അതിനനുസരണമായി ഹരിജനങ്ങൾക്കു കിട്ടേണ്ട വിതം അടുത്ത തിരഞ്ഞെടുപ്പോടുകൂടി കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ : സബ് ഇൻസ്പെക്ടർമാരുടെ നിയമനം മാത്രമേ ഡയറക്ടായിട്ട് നടത്തുന്നുള്ളൂ. അതിൽ സംവരണതത്വം പാലിക്കുന്നുണ്ട്. പക്ഷേ, ഇന്നുള്ള നാനൂറപേരുടെ അനുപാതം അനുസരിച്ച് അടുത്തുണ്ടാകുന്ന ഒഴിവുകളിൽ ഹരിജനങ്ങളെ നിയമിക്കുക സാധ്യമല്ല. അടുത്ത ഒഴിവിൽ എത്രയുണ്ടോ, അതിൻറെ അനുപാതക്രമത്തിനുള്ളതു കിട്ടും. അടുത്ത വേക്കൻസി, ഇരുപതാണെങ്കിൽ, അതിൻറെ പത്തു ശതമാനമായ രണ്ടു കിട്ടും.

പ്രൈവറ്റ് സ്കൂളുകളിൽ പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ.

* 1555. [16] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ആക്ടിൻറെ വ്യവസ്ഥകൾ അനുസരിച്ച് പ്രൈവറ്റ് സ്കൂളുകളിൽ പുതിയ നിയമനം നടത്തുന്നതിനുള്ള ശുപാർശകൾ ചെയ്തു കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly